2026
AUGUST
12
WEDNESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## ഇന്ത്യയുടെ റഷ്യൻ എണ്ണ ഇറക്കുമതി

# ജൂലൈയിൽ റിക്കാർഡ്

**ന്യൂദൽഹി:** ഇന്ത്യയുടെ റഷ്യൻ അസംസ്കൃത എണ്ണ ഇറക്കുമതി ജൂൺ മാസത്തെ പിന്തുടർന്ന് ജൂലൈയിലും എക്കാലത്തെയും ഉയർന്ന നിരക്കിലെത്തി. പാശ്ചാത്യ ഉപരോധങ്ങൾ റഷ്യയുടെ ഊർജ കയറ്റുമതിയിൽ നിയന്ത്രണങ്ങൾ കർശനമാക്കിയിട്ടും, കുറഞ്ഞ നിരക്കിലുള്ള റഷ്യൻ ഇന്ധന വിതരണത്തെ ഇന്ത്യ തുടർന്നും ആശ്രയിക്കുന്നുവെന്ന് വ്യക്തമാക്കിക്കൊണ്ട് സെന്റർ ഫോർ റിസർച്ച് ഓൺ എനർജി ആൻഡ് ക്ലീൻ എയർ (സിആർഇഎ) സമാഹരിച്ച കണക്കുകൾ പ്രകാരം ജൂലൈയിൽ ഇന്ത്യൻ വാങ്ങലുകാർ 550 കോടി യൂറോയുടെ റഷ്യൻ ക്രൂഡ് ഓയിൽ ഇറക്കുമതി ചെയ്തു. ഇത് ജൂൺ മാസത്തെ അപേക്ഷിച്ച് 2.1 ശതമാനം കൂടുതലാണ്.

ജൂലൈയിൽ ഇന്ത്യ റഷ്യയിൽനിന്ന് വാങ്ങിയ ആകെ ജൈവ ഇന്ധനത്തിന്റെ 87 ശതമാനവും ക്രൂഡ് ഓയിൽ ആയിരുന്നു.ജൂണിൽ ഇന്ത്യ 450 കോടി യൂറോയുടെ റഷ്യൻ ക്രൂഡ് ഓയിൽ വാങ്ങിയിരുന്നു. അന്ന് റഷ്യയിൽ നിന്നുള്ള ആകെ ജൈവ ഇന്ധന ഇറക്കുമതിയായ 550 കോടി യൂറോയുടെ 83 ശതമാനമായിരുന്നു ഇത്. 2.1 ശതമാനത്തിന്റെ ഈ വർധന അളവിന്റെ അടിസ്ഥാനത്തിലാണ്, മൂല്യത്തിന്റെ അടിസ്ഥാനത്തിലല്ല.

2022 ഫെബ്രുവരിയിൽ റഷ്യ യുക്രെയ്നെ ആക്രമിച്ചതിനുശേഷം പാശ്ചാത്യ രാജ്യങ്ങൾ ഉപരോധങ്ങൾ ഏർപ്പെടുത്തുകയും യൂറോപ്യൻ ഉപഭോക്താക്കൾ പിന്മാറുകയും ചെയ്തതോടെ, ഏഷ്യൻ റിഫൈനറികൾക്ക് റഷ്യ വൻ വിലക്കിഴിവ് വാഗ്ദാനം ചെയ്തു. ഇതോടെയാണ് റഷ്യൻ ക്രൂഡ് ഓയിലിനായുള്ള ഇന്ത്യയുടെ ആശ്രയത്വം കുത്തനെ ഉയർന്നത്.

യുഎസ് എനർജി ഇൻഫർമേഷൻ അഡ്മിനിസ്ട്രേഷൻറെ കണക്കനുസരിച്ച്, 2021ൽ റഷ്യ ഇന്ത്യയിലേക്ക് പ്രതിദിനം 1,00,000 ബാരലിൽ താഴെ മാത്രമാണ് ക്രൂഡ് ഓയിൽ നൽകിയിരുന്നത്. അതായത് ഇന്ത്യയുടെ ക്രൂഡ് ഓയിൽ ഇറക്കുമതിയുടെ 2.5 ശതമാനം മാത്രം.



എന്നാൽ, ഈ അളവ് 2022ൽ പ്രതിദിനം ഏകദേശം 7,40,000 ബാരലായും, 2023ൽ വൻതോതിൽ ഉയർന്ന് പ്രതിദിനം 18 ലക്ഷം ബാരലായും വർധിച്ചു. ഇതോടെ ആ വർഷം ഇന്ത്യയുടെ ആകെ ക്രൂഡ് ഓയിൽ ഇറക്കുമതിയുടെ 39 ശതമാനം വിഹിതം റഷ്യക്കായിരുന്നു. അങ്ങനെ റഷ്യ ഇന്ത്യയുടെ ഏറ്റവും വലിയ ക്രൂഡ് ഓയിൽ വിതരണക്കാരായി മാറി.

തുടർന്നും ഇന്ത്യ റഷ്യൻ അസംസ്കൃത എണ്ണയെ ആശ്രയിച്ചു. 2026 ജൂലൈയിൽ ഇന്ത്യൻ റിഫൈനറികൾ പ്രതിദിനം റിക്കാർഡായ 28 ലക്ഷം ബാരൽ റഷ്യൻ ക്രൂഡ് ഓയിൽ ഇറക്കുമതി ചെയ്തു.

ഇത് പ്രതിദിനം 50 ലക്ഷം ബാരലിലധികം വരുന്ന ഇന്ത്യയുടെ ആകെ ക്രൂഡ് ഓയിൽ ഇറക്കുമതിയുടെ ഏകദേശം 55.5 ശതമാനത്തോളമാണ്. 2024ലെ ശരാശരി പ്രതിദിന ഇറക്കുമതിയായ 18 ലക്ഷം ബാരലുമായി താരതമ്യം ചെയ്യുന്പോഴാണ് ഈ വലിയ വർധന വ്യക്തമാകുന്നത്.

റഷ്യൻ ക്രൂഡ് ഓയിലിൻറെ ഇന്ത്യയിലെ ഏറ്റവും വലിയ രണ്ട് സ്വീകരണ കേന്ദ്രങ്ങളായ ജാംനഗർ, പാരദീപ് എന്നിവ വഴിയുള്ള ഇറക്കുമതിയേക്കാൾ, ചെറിയ ടെർമിനലുകൾ വഴിയുള്ള ഇറക്കുമതി ഉയർന്നതാണ് ജൂലൈയിലെ ക്രൂഡ് ഓയിൽ വാങ്ങലിലെ വർധനയ്ക്കു പ്രധാന കാരണമായത്.

എച്ച്എംഇഎൽ മുന്ദ്ര വഴിയുള്ള ഇറക്കുമതി ജൂൺ മാസത്തെ അപേക്ഷിച്ച് 58 ശതമാനം ഉയർന്നപ്പോൾ, ഇന്ത്യൻ ഓയിലിന്റെ വാഡിനാർ എസ്എംപിഎൽ ടെർമിനലിൽ ലഭിച്ച അളവ് 35 ശതമാനം വർധിച്ചു.

മുംബൈ വഴിയുള്ള ഇറക്കുമതി 37 ശതമാനം ഉയർന്നു. ലോകത്തിലെ ഏറ്റവും വലിയ റിഫൈനിംഗ് സമുച്ചയങ്ങളിലൊന്നായ ജാംനഗറിലെ അളവിൽ മുൻ മാസത്തെ അപേക്ഷിച്ച് മാറ്റമൊന്നുമുണ്ടായില്ല.

അതേസമയം പാരദീപ് വഴിയുള്ള ഇറക്കുമതി 22 ശതമാനം കുറഞ്ഞു.

## പവന് 1.13 ലക്ഷം കടന്നു, ഒറ്റയടിക്ക് കൂടിയത് 2,320 രൂപ



**കൊച്ചി:** തിങ്കളാഴ്ചത്തെ വിലയിടിവ് കണ്ട് പ്രതീക്ഷവച്ച ആഭരണപ്രേമികളുടെമേൽ ഇടിത്തീയായി സ്വർണവില കുതിച്ചുകയറുന്നു. ഗ്രാമിന് ഒറ്റയടിക്ക് 290 രൂപയും പവന് 2,320 രൂപയുമാണ് ഉയർന്നത്. ഇതോടെ, ഒരു ഗ്രാം സ്വർണത്തിന് 14,220 രൂപയിലും പവന് 1,13,760 രൂപയിലുമാണ് വ്യാപാരം പുരോഗമിച്ചത്.

18 കാരറ്റ് സ്വർണവില ഗ്രാമിന് 240 രൂപ വർധിച്ച് 11,685 രൂപയിലെത്തി. 14 കാരറ്റ് സ്വർണവില ഗ്രാമിന് 185 രൂപ ഉയർന്ന് 9,100 രൂപയിലും ഒമ്പത് ഗ്രാം സ്വർണവില ഗ്രാമിന് 115 രൂപ ഉയർന്ന് 5,865 രൂപയിലുമാണ് വ്യാപാരം നടന്നത്.

ഒരാഴ്ചത്തെ കുതിപ്പിനു പിന്നാലെ തിങ്കളാഴ്ച സ്വർണവില നേരിയ തോതിൽ താഴേക്കുപോയിരുന്നു. ഗ്രാമിന് 35 രൂപയും പവന് 280 രൂപയുമാണ് കുറഞ്ഞത്. ഇതിനു പിന്നാലെയാണ് വീണ്ടും കുതിപ്പ്.ഓഗസ്റ്റ് നാലിന് 1.05 ലക്ഷം രൂപയായിരുന്ന പവൻ വിലയാണ് ഇന്നലെ 1.13 ലക്ഷം കടന്നത്. കഴിഞ്ഞ ജൂണിനുശേഷം പവൻ രേഖപ്പെടുത്തുന്ന ഏറ്റവും ഉയർന്ന വിലയാണിത്.




## അദാനിക്ക് എതിരായ കുറ്റങ്ങൾ തള്ളി യുഎസ് കോടതി

**ന്യൂയോർക്ക്:** അദാനി ഗ്രൂപ്പ് ചെയർമാൻ ഗൗതം അദാനിക്ക് എതിരായ ക്രിമിനൽ കുറ്റങ്ങൾ തള്ളി യുഎസ് കോടതി. ഗൗതം അദാനിക്കും മറ്റുമെതിരെ ചുമത്തിയ കൈക്കൂലിക്കേസ് അവസാനിപ്പിക്കാൻ ട്രംപ് ഭരണകൂടത്തിന് കീഴിലെ നിയമവകുപ്പ് തീരുമാനിച്ചിരുന്നു. തുടർന്നാണ് ബ്രൂക്ക് ലിൻ ആസ്ഥാനമായ യുഎസ് ഡിസ്ട്രിക്റ്റ് കോടതി ക്രിമിനൽ കേസ് തള്ളിയത്.

സത്യത്തിലും നീതിയിലും നിയമവ്യവസ്ഥയിലും ഉറച്ചുനിന്നതിന്റെ നേട്ടമാണിതെന്ന്, വിധിയെ സ്വാഗതം ചെയ്തുകൊണ്ട് ഗൗതം അദാനി എക്സിൽ പ്രതികരിച്ചു. 2024ൽ ആയിരുന്നു ഗൗതം അദാനിക്കെതിരെ നിയമവകുപ്പ് ക്രിമിനൽ കേസെടുത്തത്.

ഇന്ത്യയിൽ വൈദ്യുതി വിതരണക്കരാർ ലഭിക്കാനായി അദാനി ഗ്രൂപ്പ് സർക്കാർ ഉദ്യോഗസ്ഥർക്ക് കൈക്കൂലി കൊടുത്തെന്നും അതു മറച്ചുവച്ച് യുഎസിൽ നിന്ന് നിക്ഷേപം സമാഹരിച്ചെന്നുമായിരുന്നു കേസ്.

ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്ന് അദാനി പ്രതികരിച്ചിരുന്നു. കേസുമായി മുന്നോട്ടുപോകാനില്ലെന്ന് കഴിഞ്ഞ മേയിലാണ് യുഎസ് നിയമവകുപ്പ് വ്യക്തമാക്കിയത്.

കുറ്റത്തിന് ആസ്പദമായ സംഭവം നടന്നത് വിദേശത്താണെന്നും തെളിയിക്കുക പ്രയാസമാണെന്നും ചൂണ്ടിക്കാട്ടിയായിരുന്നു തീരുമാനം. ഇതിനിടെ യുഎസിൽ അദാനി 1000 കോടി ഡോളറിന്റെ (ഏകദേശം ഒരുലക്ഷം കോടി രൂപ) നിക്ഷേപം നടത്തുമെന്ന റിപ്പോർട്ടുകൾ പുറത്തുവന്നിരുന്നു. ഇത് കേസ് അവസാനിപ്പിക്കാനുള്ള തന്ത്രങ്ങളുടെ ഭാഗമാണെന്നും ചില റിപ്പോർട്ടുകൾ ആരോപിച്ചിരുന്നു. തെറ്റായ ആരോപണമെന്നാണ് അദാനി പ്രതികരിച്ചത്. കേസ് വരുംമുൻപേ പ്രഖ്യാപിച്ച നിക്ഷേപപദ്ധതിയാണിതെന്നും അദാനി ഗ്രൂപ്പ് വ്യക്തമാക്കിയിരുന്നു. അതേസമയം, ജഡ്ജിയും ഇക്കാര്യത്തിലെ സത്യാവസ്ഥ അദാനിയോട് ആരാഞ്ഞിരുന്നു.

# വാഹനങ്ങൾക്ക് ബ്രേക്ക്, പ്രകൃതിക്ക് പച്ചക്കൊടി; ബാലസഭകളിൽ നോ വെഹിക്കിൾ ഡേ

**കൊച്ചി:**പരിസ്ഥിതി ബോധവും കാർബൺ പുറന്തള്ളൽ കുറയ്ക്കുന്ന ജീവിതശൈലിയും കുട്ടികളിൽ വളർത്തുക എന്ന ലക്ഷ്യത്തോടെ എറണാകുളം ജില്ലാ മിഷന്റെ മേൽനോട്ടത്തിൽ ജില്ലയിലെ 102 സി.ഡി.എസുകളിലെ ബാലസഭകളിൽ 'നോ വെഹിക്കിൾ ഡേ ചലഞ്ച്' സംഘടിപ്പിച്ചു. ഓഗസ്റ്റ് മാസത്തെ തീമാറ്റിക് പ്രവർത്തനങ്ങളുടെ ഭാഗമായാണ് ചലഞ്ച് നടത്തിയത്. രണ്ടുമുതൽ മൂന്ന് വാർഡുകൾ ചേർന്ന ക്ലസ്റ്റർ അടിസ്ഥാനത്തിലായിരുന്നു പ്രവർത്തനങ്ങൾ. വാഹനങ്ങളുടെ അമിത ഉപയോഗം കുറയ്ക്കുക, അന്തരീക്ഷ മലിനീകരണം നിയന്ത്രിക്കുക, പരിസ്ഥിതി സൗഹൃദ ജീവിതശൈലി വളർത്തുക എന്നിവയായിരുന്നു ലക്ഷ്യം. സാധ്യമാകുന്നിടത്ത് സ്വകാര്യ വാഹനങ്ങൾ ഒഴിവാക്കി നടക്കുക, സൈക്കിൾ ഉപയോഗിക്കുക, പൊതുഗതാഗത സംവിധാനം പ്രയോജനപ്പെടുത്തുക തുടങ്ങിയ പ്രവർത്തനങ്ങളിൽ കുട്ടികൾ പങ്കെടുത്തു.

കുട്ടികളുടെ നേതൃത്വത്തിൽ സൈക്കിൾ യാത്ര, വാക്കത്തോൺ, പോസ്റ്റർ,പ്ലക്കാർഡ് പ്രചാരണം തുടങ്ങിയ ബോധവത്കരണ പ്രവർത്തനങ്ങളും നടന്നു. വാഹനങ്ങളിൽ നിന്നുള്ള മലിനീകരണം കുറയ്ക്കേണ്ടതിന്റെ ആവശ്യകതയും പ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യവും കുട്ടികൾ ജനങ്ങളിലേക്ക് എത്തിച്ചു.

ബാലസഭാ കൂട്ടുകാരുടെ വീടുകളിലും വാഹന ഉപയോഗം കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു. വീടുകളിൽ ഉപയോഗിക്കുന്ന വാഹനങ്ങളുടെ എണ്ണം രേഖപ്പെടുത്തി, ഒരു ദിവസം വാഹന ഉപയോഗം എത്രത്തോളം കുറയ്ക്കാനായെന്ന് വിലയിരുത്തി. ഇതിനായി നൽകിയ 'വെഹിക്കിൾ കാർഡിൽ' അന്നത്തെ വാഹന ഉപയോഗവും രേഖപ്പെടുത്തി.

ഒരു ദിവസം വാഹനങ്ങൾ ഒഴിവാക്കുന്നതിലൂടെ പ്രകൃതിക്ക് ലഭിക്കുന്ന ഗുണങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കുന്നതിനൊപ്പം പരിസ്ഥിതി സൗഹൃദ ശീലങ്ങൾ ജീവിതത്തിന്റെ ഭാഗമാക്കണമെന്ന സന്ദേശവും ചലഞ്ചിലൂടെ നൽകി. ഭാവിയിൽ എല്ലാ മാസവും ഒരു ദിവസം വാഹനരഹിത ദിനമായി ആചരിക്കാൻ കുട്ടികളെയും കുടുംബങ്ങളെയും പ്രേരിപ്പിക്കുകയെന്നതും ലക്ഷ്യമാണ്. വിവിധ ബാലസഭകളിലെ കുട്ടികൾ പ്രകൃതി സംരക്ഷണ പ്രതിജ്ഞയും എടുത്തു.

കുട്ടികളിൽ പരിസ്ഥിതി ബോധം വളർത്തുന്നതിനൊപ്പം നേതൃത്വശേഷി, സംഘബോധം, സഹകരണ മനോഭാവം, ജനാധിപത്യബോധം, വ്യക്തിത്വവികാസം തുടങ്ങിയ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള കുടുംബശ്രീയുടെ പരിപാടിയാണ് ബാലസഭ. അഞ്ചുമുതൽ 18 വയസ്സുവരെയുള്ള 15 മുതൽ 30 വരെ കുട്ടികൾ ചേർന്നാണ് ബാലസഭകൾ രൂപീകരിക്കുന്നത്. അയൽക്കൂട്ടതലത്തിൽ ബാലസഭ, വാർഡുതലത്തിൽ ബാലസമിതി, തദ്ദേശഭരണ സ്ഥാപനതലത്തിൽ ബാല പഞ്ചായത്ത്/ബാല നഗരസഭ എന്നിങ്ങനെ മൂന്ന് തലങ്ങളിലായാണ് ബാലസഭകളുടെ പ്രവർത്തനം.



# കുസാറ്റ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് പ്രവർത്തനം പൂർണമായും സൗരോർജത്തിൽ; പ്രതിദിന ഉത്പാദനം 320 യൂണിറ്റ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ (കുസാറ്റ്) തൃക്കാക്കര ക്യാമ്പസിലെ അഡ്മിനിസ്ട്രേറ്റീവ് ബിൽഡിങ്ങിന്റെ മുകളിൽ സ്ഥാപിച്ച സോളാർ വൈദ്യുത നിലയത്തിൽ നിന്നുള്ള പ്രതിദിന വൈദ്യുതി ഉത്പാദനം 320 യൂണിറ്റായി ഉയർന്നു. ഇതോടെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ആവശ്യമായ വൈദ്യുതി പൂർണമായും സൗരോർജത്തിൽ നിന്ന് ലഭിക്കുന്ന സ്ഥിതിയിലെത്തി.

കഴിഞ്ഞ മാസം 17ന് 50 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ്കണക്റ്റഡ് സോളാർ വൈദ്യുത നിലയം ഉദ്ഘാടനം ചെയ്തിരുന്നു. നേരത്തെ സ്ഥാപിച്ചിരുന്ന 30 കിലോവാട്ട് സോളാർ നിലയത്തിന് പുറമേ പുതിയ നിലയം കൂടി പ്രവർത്തനം ആരംഭിച്ചതോടെ സർവകലാശാലയിലെ ആകെ സോളാർ വൈദ്യുതി ഉത്പാദന ശേഷി 80 കിലോവാട്ടായി ഉയർന്നു. മഴക്കാലം അവസാനിക്കുന്നതോടെ വൈദ്യുതി ഉത്പാദനം ഇനിയും വർധിക്കുമെന്നാണ് പ്രതീക്ഷ.

കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡിന്റെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (ഇങ്ങ) പദ്ധതിയുടെ സാമ്പത്തിക സഹായത്തോടെയാണ് 50 കിലോവാട്ട് ഗ്രിഡ്കണക്റ്റഡ് സോളാർ വൈദ്യുത നിലയം സ്ഥാപിച്ചത്. സർവകലാശാലയുടെ വൈദ്യുതി ചെലവ് കുറയ്ക്കുന്നതിനൊപ്പം കാർബൺ പുറന്തള്ളൽ കുറയ്ക്കുകയും ക്യാമ്പസിൽ പുനരുപയോഗ ഊർജത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയാണ് പദ്ധതിയുടെ ലക്ഷ്യം.

# ഭവന പുനരുദ്ധാരണത്തിനായി ധനസഹായം: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് ഭവന പുനരുദ്ധാരണത്തിനായി ധനസഹായം നൽകുന്നതിനുള്ള പദ്ധതിയിലേക്ക് മത്സ്യബന്ധന വകുപ്പ് അപേക്ഷകൾ ക്ഷണിച്ചു. അംഗീകൃത എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പരമാവധി ഒരു ലക്ഷം രൂപ വരെ ധനസഹായമായി ലഭിക്കും.

അപേക്ഷകൾ ആവശ്യമായ രേഖകൾ സഹിതം അതതു പ്രദേശത്തെ മത്സ്യഭവൻ ഓഫീസിൽ ആഗസ്റ്റ് 31 വൈകീട്ട് അഞ്ചു മണിക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്കും അപേക്ഷാഫോമിനുമായി അടുത്തുള്ള മത്സ്യഭവനുമായി ബന്ധപ്പെടുക.

# സംസ്കൃത സർവകലാശാലയിൽ സ്റ്റുഡന്റ് കൗൺസിലർ; അവസാന തീയതി ഓഗസ്റ്റ് 17

**കൊച്ചി**: ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ കാലടി മുഖ്യ കാമ്പസിൽ സ്റ്റുഡന്റ് കൗൺസിലറുടെ ഒഴിവിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. അംഗീകൃത സർവ്വകലാശാലയിൽ നിന്നും സൈക്കോളജിയിൽ ബിരുദാനന്തര ബിരുദം നേടിയവർക്ക് അപേക്ഷിക്കാം. കൗൺസിലിംഗിൽ രണ്ട് വർഷത്തെ പ്രവൃത്തി പരിചയം അഭികാമ്യമാണ്. നിയമനം കരാർ അടിസ്ഥാനത്തിലായിരിക്കും. പ്രതിമാസ വേതനം 25,000/. പ്രായപരിധി : സർക്കാർ നിയമപ്രകാരം. നിയമാനുസൃതമായ വയസ് ഇളവുകൾ ബാധകമായിരിക്കും. ഓൺലൈനായി അപേക്ഷിക്കണം. അപേക്ഷ ഫീസ് : ജനറൽ വിഭാഗത്തിന് 200/ ; എസ്. സി / എസ്. ടി. / പി. എച്ച്. വിഭാഗങ്ങൾക്ക് 100/. ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി ഓഗസ്റ്റ് 17. ഓൺലൈൻ അപേക്ഷയുടെ പകർപ്പ്, വയസ്, ജാതി, വിദ്യാഭ്യാസ യോഗ്യതകൾ എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് എന്നിവ രജിസ്ട്രാർ, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി പി. ഒ., എറണാകുളം 683 574 എന്ന വിലാസത്തിൽ ഓഗസ്റ്റ് 20ന് മുമ്പ് ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.ssus.ac.in സന്ദർശിക്കുക.

# ഇന്റഗ്രേറ്റഡ് ബി. എ. ബി. എഡ് : ക്ലാസുകൾ ആരംഭിച്ചു

ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ കാലടി മുഖ്യ കാമ്പസിൽ ഈ അധ്യയന വർഷം മുതൽ ആരംഭിക്കുന്ന ഇന്റഗ്രേറ്റഡ് ബി. എ. ബി. എഡ് കോഴ്സിന്റെ ക്ലാസുകൾ തുടങ്ങി. ക്ലാസുകളുടെ ഔദ്യോഗിക ഉദ്ഘാടനം രജിസ്ട്രാർ പ്രൊഫ. ടി. എസ്. ലാൻസ്‌ലെറ്റ് നിർവ്വഹിച്ചു. നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യുക്കേഷന്റെ (എൻ. സി. ടി. ഇ.) അംഗീകാരത്തോടെ ആരംഭിച്ചിരിക്കുന്ന ഇന്റഗ്രേറ്റഡ് ടീച്ചർ എഡ്യുക്കേഷൻ പ്രോഗ്രാമിൽ ആകെ അമ്പത് സീറ്റുകളാണുള്ളത്. മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഹിസ്റ്ററി, സംസ്കൃതം ജനറൽ, സംസ്കൃതം ന്യായം, സംസ്കൃതം സാഹിത്യം, സംസ്കൃതം വേദാന്തം, സംസ്കൃതം വ്യാകരണം എന്നീ വിഷയങ്ങളിലാണ് പ്രോഗ്രാമുകൾ നടത്തുന്നത്. ദേശീയ പൊതു പ്രവേശന പരീക്ഷ (എൻ. സി. ഇ. ടി.) സ്കോറിന്റെ അടിസ്ഥാനത്തിൽ പ്രവേശനം ലഭിച്ചവരാണ് ബി. എ. ബി. എഡ്. കോഴ്സിലെ വിദ്യാർത്ഥികൾ.

# പി എം റാഹത്ത്: യോഗം ചേർന്നു

**കൊച്ചി**: റോഡപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തര ചികിത്സയും ധനസഹായവും ഉറപ്പാക്കുന്ന പി. എം റാഹത്ത് (പിഎം റോഡ് ആക്സിഡന്റ് വിക്ടിംസ് ഹോസ്പിറ്റലൈസേഷൻ ആൻഡ് അഷ്വേർഡ് ട്രീറ്റ്മെന്റ് )' പദ്ധതി സെപ്റ്റംബർ അവസാനത്തോടെ ജില്ലയിൽ നടപ്പിലാക്കുന്നതിന് മുന്നോടിയായി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് കെ മനോജിന്റെ നേതൃത്വത്തിൽ പ്രത്യേക യോഗം ചേർന്നു.

അപകടത്തിൽപ്പെടുന്നവർക്ക് ആദ്യ ഏഴുദിവസം വരെയോ ഒന്നര ലക്ഷം രൂപ വരെയോ ഉള്ള സൗജന്യം ചികിത്സ പദ്ധതിയിലൂടെ ലഭിക്കും. പദ്ധതിക്ക് മുന്നോടിയായി ജില്ലയിലെ എല്ലാ ആശുപത്രികളും ട്രാൻസാക്ഷൻ മാനേജ്മെന്റ് സിസ്റ്റത്തിൽ രജിസ്റ്റർ ചെയ്യണമെന്ന് എൻഫോഴ്സ്മെന്റ് ആർ.ടി.ഒ. ബിജു ഐസക് നിർദ്ദേശിച്ചു.

കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ ട്രാഫിക് വെസ്റ്റ് അസിസ്റ്റന്റ് പോലീസ് കമ്മീഷണർ സഞ്ജു ജോർജ്, കേരള റോഡ് സേഫ്റ്റി അതോറിറ്റി, മോട്ടോർ വാഹന വകുപ്പ്, ജില്ലാ മെഡിക്കൽ ഓഫീസ്, സ്റ്റേറ്റ് ഹെൽത്ത് ഏജൻസി, ജില്ലയിലെ വിവിധ സർക്കാർസ്വകാര്യ ആശുപത്രി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

## ജോബ് ഡ്രൈവ്

**കൊച്ചി**: എറണാകുളം എംപ്ലോയബിലിറ്റി സെൻററിൻറെ ആഭിമുഖ്യത്തിൽ 13 ന് രാവിലെ 11 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ കാക്കനാട് സിവിൽ സ്റ്റേഷനിലെ അഞ്ചാം നിലയിലുള്ള എംപ്ലോയബിലിറ്റി സെന്ററിൽ ടെക്ക് മഹീന്ദ്ര പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ വർക്ക് ഫ്രം ഹോം സൗകര്യത്തോടെ വിവിധ തസ്തികകളിലേക്ക് ജോബ് ഡ്രൈവ് സംഘടിപ്പിക്കുന്നു. പത്താം ക്ലാസ്, പ്ലസ് ടു, ഐ.ടി.ഐ, ബിരുദം, തുടങ്ങിയ യോഗ്യതയുള്ളവർക്ക് പങ്കെടുക്കാം. ഉദ്യോഗാർത്ഥികൾ രാവിലെ 11.00 ന് കാക്കനാട് സിവിൽ സ്റ്റേഷൻ ഓൾഡ് ബ്ലോക്കിൽ 5ആം നിലയിൽ പ്രവർത്തിക്കുന്ന എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ ബയോഡാറ്റ, പാൻ കാർഡ്/ആധാർ, ബിപിഒ പ്രവർത്തി പരിചയമുണ്ടെങ്കിൽ ആയതിന്റെ കോപ്പി എന്നിവ സഹിതം അഭിമുഖത്തിനായി ഹാജരാകണം. ലാപ് ടോപ്പ് കയ്യിൽ കരുതുന്നത് അഭികാമ്യം.

അഭിമുഖത്തിൽ പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികൾ എംപ്ലോയബിലിറ്റി സെൻററിൽ രജിസ്ട്രേഷൻ ചെയ്തിട്ടുണ്ടായിരിക്കണം. ഇതുവരെ രജിസ്ട്രേഷൻ ചെയ്യാത്തവർക്ക് 300 രൂപ അടച്ച് ആജീവനാന്ത ഒറ്റത്തവണ രജിസ്ട്രേഷൻ ചെയ്ത ശേഷം അഭിമുഖത്തിൽ പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കായി താഴെപ്പറയുന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.04842422452

സൊസൈറ്റി ടുഡേ
SOCIETY TODAY



# അൽഫോൻസാമ്മയുടെ 116ാം ജന്മദിനാഘോഷങ്ങൾക്ക് തുടക്കം

**കുടമാളൂർ:** വിശുദ്ധ അൽഫോൻസാമ്മയുടെ 116ാം ജന്മദിനാഘോഷങ്ങൾക്ക് അൽഫോൻസാ ഭവനിൽ തുടക്കം. അൽഫോൻസ ജന്മഗൃഹത്തിൽ കുടമാളൂർ സെൻറ് മേരീസ് മേജർ ആർക്കിഎപ്പിസ്കോപ്പൽ ആർച്ച്പ്രീസ്റ്റ് ഫാ. ഡോ. ജോർജ് മംഗലത്തിൽ കൊടിയേറ്റി. 19 വരെയാണ് ആഘോഷം.

എല്ലാ ദിവസവും വൈകുന്നേരം 4.30നു വിശുദ്ധ കുർബാന. ചങ്ങനാശേരി ആർച്ച് ബിഷപ് മാർ തോമസ് തറയിൽ കാർമികത്വം വഹിക്കും. ഫാ. ജിനു മാന്തിയിൽ, 13ന് ഫാ. തോമസ് കാഞ്ഞിരക്കോണം, 14ന് ഫാ. ഫിലിപ് തയ്യിൽ, കുടമാളൂർ ഇടവകക്കാരായ വൈദികർ, ഫാ. ടോമി കാട്ടാമ്പള്ളി, ഫാ. ജോസഫ് മുട്ടത്തുപാടം, ഫാ. ജോസഫ് വട്ടപ്പറമ്പിൽ, ഫാ. സിജോ ചേന്നാട് എന്നിവർ വിശുദ്ധ കുർബാനയ്ക്ക് കാർമികത്വം വഹിക്കും.

19ന് വൈകുന്നേരം 4.30ന്റെ വിശുദ്ധ കുർബാനയ്ക്കുശേഷം തിരുനാൾ പ്രദക്ഷിണം. തുടർന്ന് കൊടിയിറക്ക്, നേർച്ച വിതരണം എന്നിവ നടക്കും. സെൻറ് മേരീസ് മേജർ ആർക്കിഎപ്പിസ്കോപ്പൽ പാരീഷ് ആർച്ച്പ്രീസ്റ്റ് ഫാ. ഡോ. ജോർജ് മംഗലത്തിൽ, സുപ്പീരിയർ ജനറൽ സിസ്റ്റർ ലിറ്റി, പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ ബ്രിജി, അൽഫോൻസ ഭവൻ സുപ്പീരിയർ സിസ്റ്റർ എലൈസ് മേരി, ഫാ. തോമസ് പാറത്തോട്ടാൽ, റോയി സേവ്യർ എന്നിവർ നേതൃത്വം നൽകും.

# ഉപഭോക്തൃ സർവേ ലക്ഷം വീടുകൾ പിന്നിട്ടു

**കൊച്ചി:** കൊച്ചി കോർപറേഷൻ പരിധിയിലെ കുടിവെള്ള പ്രശ്നങ്ങൾ കണ്ടെത്താനും ജല ഉപഭോഗവും ആവശ്യകതയും കൃത്യമായി കണക്കാക്കുന്നതിനുമായുള്ള ഉപഭോക്തൃ സർവേ ഒരു ലക്ഷത്തിലധികം വീടുകളിൽ പൂർത്തിയായി. ഫ്രഞ്ച് കമ്പനിയായ സൂയസ് നടത്തുന്ന സർവേ രണ്ടുമാസം കൊണ്ടു പൂർത്തിയാകും.

കോർപറേഷനിലെ വാട്ടർ അഥോറിറ്റിയുടെ പൈപ്പ് ലൈൻ ശൃംഖലയുടെ ടോപ്പോഗ്രാഫിക്കൽ, വാക്ക്ത്രൂ സർവേകളും കമ്പനി പൂർത്തിയാക്കിയിട്ടുണ്ട്.

കുടിവെള്ള വിതരണ ആസ്തികളുടെ ഘടനാപരമായ വിലയിരുത്തൽ, ജലത്തിൻറെ ഒഴുക്ക് പരിശോധന, അടിസ്ഥാനസൗകര്യങ്ങളുടെ നിലവിലത്തെ അവസ്ഥ നിർണയം എന്നിവയും സർവേയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സർവേകളിൽ നിന്നുള്ള കണ്ടെത്തലുകൾ മുൻനിർത്തിയായിരിക്കും പുതിയ പൈപ്പ് ലൈൻ ശൃംഖലയുടെ രൂപരേഖ തയാറാക്കുക.

സർവേ പൂർണമാകുന്നതോടെ ഓരോ പ്രദേശത്തെയും ജല ആവശ്യകത സംബന്ധിച്ച് കൂടുതൽ വ്യക്തത ലഭിക്കുമെന്ന് അധികൃതർ അറിയിച്ചു. 1,141.28 കോടി രൂപയുടെ പദ്ധതി ഏഷ്യൻ ഡെവലപ്മെൻറ് ബാങ്കിൻറെ സാമ്പത്തിക സഹായത്തോടെയാണു നടപ്പിലാക്കുന്നത്.

# റെയിൽവേ ഇരട്ടപ്പാത നിർമാണവും ഭൂമിയേറ്റെടുക്കലും ഒരുമിച്ച്

**ആലപ്പുഴ:** തുറവൂർ മുതൽ അമ്പലപ്പുഴ വരെയുള്ള റെയിൽവേ ഇരട്ടപ്പാത നിർമാണവും ഭൂമിയേറ്റെടുക്കലും ഒരുമിച്ചു നടക്കും. പാത ഇരട്ടിപ്പിക്കലിനുള്ള ടെൻഡർ നടപടികൾ ദിവസങ്ങൾക്കു മുൻപ് ആരംഭിച്ചിരുന്നു. എന്നാൽ പാത ഇരട്ടിപ്പിക്കലിനായി ഏറെ സ്ഥലം ഏറ്റെടുക്കേണ്ടതിനാൽ അതിന്റെ നടപടികൾ ആരംഭിക്കാതെ ടെൻഡർ നടപടികൾ സ്വീകരിക്കുന്നുവെന്ന് ആക്ഷേപം ഉയർന്നിരുന്നു.

റെയിൽവേയുടെ കൈവശമുള്ള സ്ഥലത്തെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനോടൊപ്പം സ്ഥലം ഏറ്റെടുക്കുമെന്നാണ് അധികൃതർ പറയുന്നത്. ഏറെ നാളത്തെ ജില്ലയുടെ ആവശ്യത്തിനാണ് പദ്ധതിയിലൂടെ ജീവൻ വയ്ക്കുന്നത്.

ആലപ്പുഴ വഴിയുള്ള പാത ഇരട്ടിപ്പിക്കലിന് അനുമതി ലഭിക്കുകയും റെയിൽവേ നിയമപ്രകാരം ഭൂമിയേറ്റെടുക്കാൻ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. റെയിൽവേ നിയമം വഴി ഭൂമിയേറ്റെടുത്താൽ സമയനഷ്ടം കുറയും. അമ്പലപ്പുഴ- ആലപ്പുഴ, ആലപ്പുഴ- മാരാരിക്കുളം, മാരാരിക്കുളം- തുറവൂർ സെക്ഷനുകളിൽ നിയമപ്രകാരം ഭൂമിയേറ്റെടുക്കാൻ ഇവയെ പ്രത്യേക പദ്ധതികളായാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്.

ആലപ്പുഴ വഴിയുള്ള പാതയിൽ കായംകുളം മുതൽ അമ്പലപ്പുഴ വരെയാണു ഇരട്ടപ്പാതയുള്ളത്. അമ്പലപ്പുഴ മുതൽ എറണാകുളം വരെ ഒറ്റവരിപ്പാതയാണ്. ഇതിൽ തുറവൂർ മുതൽ എറണാകുളം വരെ രണ്ടാം പാതയുടെ നിർമാണം നടക്കുന്നുണ്ട്.

ബാക്കി തുറവൂർ മുതൽ അമ്പലപ്പുഴ വരെയുള്ള രണ്ടാം പാത നിർമാണത്തിനാണ് അനുമതി ലഭിച്ചതോടെ നടപടികൾ ആരംഭിച്ചത്. അമ്പലപ്പുഴ- ആലപ്പുഴ (12 കിലോമീറ്റർ ), ആലപ്പുഴ-മാരാരിക്കുളം (13 കിലോമീറ്റർ), മാരാരിക്കുളം-തുറവൂർ (21 കിലോമീറ്റർ) എന്നിങ്ങനെ മൂന്നാക്കി തിരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

ഇരട്ടപ്പാതയില്ലാത്തതിനാൽ വലിയ യാത്രാദുരിതമാണു ആലപ്പുഴ മേഖലയിലെ യാത്രക്കാർ നേരിടുന്നത്.

# ഡിജിറ്റൽ സ്ക്വയറിന് പ്രൈമറി സ്കൂളുകൾ ഓഗസ്റ്റ് 13നകം അപേക്ഷിക്കണം

**കൊച്ചി:** പൊതുവിദ്യാഭ്യാസ മേഖലയിലെ എൽ.പി, യു.പി വിഭാഗങ്ങളിൽ ഐ.ടി പഠനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള 'ഡിജിറ്റൽ സ്ക്വയർ' പദ്ധതിയിലേക്ക് വിദ്യാലയങ്ങളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. സർക്കാർ നൂറുദിന കർമ്മപദ്ധതിയുടെ ഭാഗമായാണ് പദ്ധതി നടപ്പിലാക്കുന്നത്.

കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ് ) വികസിപ്പിക്കുന്ന സ്വതന്ത്ര സോഫ്റ്റ്വെയർ അധിഷ്ഠിത പ്ലാറ്റ്ഫോം വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. എയ്ഡഡ്, സർക്കാർ ഹൈസ്കൂൾ വിഭാഗത്തോടൊപ്പമുള്ള എൽ.പി, യു.പി വിദ്യാലയങ്ങളിലെ കുട്ടികൾക്കും ഇതിന്റെ പ്രയോജനം ലഭിക്കും. കളികളിലൂടെയുള്ള പഠനം, സർഗ്ഗാത്മകത, സ്വയംപഠനം, ഡിജിറ്റൽ സാക്ഷരത എന്നിവ വളർത്തുന്നതിനൊപ്പം കളിപ്പെട്ടി', 'ഇ@വിദ്യ എന്നീ ഐ.സി.ടി പാഠപുസ്തകങ്ങൾ മറ്റ് വിഷയങ്ങളുടെ പഠനത്തിനായി ഫലപ്രദമായി പ്രയോജനപ്പെടുത്താനും പദ്ധതി സഹായിക്കും. ഭിന്നശേഷി കുട്ടികൾ ഉൾപ്പെടെ എല്ലാ വിഭാഗം കുട്ടികൾക്കും ഒരുപോലെ ഉപയോഗിക്കാവുന്ന രീതിയിലാണ് പ്ലാറ്റ്ഫോം ക്രമീകരിച്ചിരിക്കുന്നത്.

സ്കൂളിൽ ഡിജിറ്റൽ പഠന ഇടം സജ്ജമാക്കാനും, ഹെഡ്ഫോൺ, സ്പീക്കർ, മൗസ് എന്നിവ സഹിതം കുറഞ്ഞത് 2 കമ്പ്യൂട്ടറുകൾ ലഭ്യമാക്കാനും സന്നദ്ധതയുള്ള സ്കൂളുകൾക്കാണ് അവസരം. സ്കൂൾ പ്രവർത്തി സമയം മുഴുവനും കുട്ടികൾക്കായി 'ഡിജിറ്റൽ സ്ക്വയർ' പ്രവർത്തിക്കും.

താല്പര്യമുള്ള സ്കൂളുകൾ ഓഗസ്റ്റ് 13നകം കൈറ്റ് ജില്ലാ ഓഫീസിൽ ഇമെയിൽ മുഖേന അപേക്ഷ നൽകണമെന്ന് കൈറ്റ് സി.ഇ.ഒ കെ. അൻവർ സാദത്ത് അറിയിച്ചു. സർക്കുലറും പദ്ധതി മാർഗ്ഗരേഖയും www.kite.kerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

# ഉമ്മൻ ചാണ്ടി സ്മാരക കർഷക അവാർഡ് ചെറുവയൽ രാമന്

**കൊച്ചി:** കാർഷിക മേഖലയിലെ സമഗ്ര സംഭാവനയ്ക്കുള്ള ഉമ്മൻ ചാണ്ടി സ്മാരക കർഷക അവാർഡ് പത്മശ്രീ ചെറുവയൽ രാമന്. തിരുവനന്തപുരത്ത് നടത്തിയ വാർത്താസമ്മേളനത്തിൽ കൃഷി വകുപ്പ് മന്ത്രി ടി. സിദ്ദിഖാണ് അവാർഡ് പ്രഖ്യാപിച്ചത്. 5 ലക്ഷം രൂപയും ഫലകവും പ്രശസ്തി പത്രവും അടങ്ങുന്നതാണ് പുരസ്കാരം.



# തേനിനേക്കാൾ മധുരം; ചുവന്ന് തുടുത്ത് പുലാസൻ



വിദേശത്തുനിന്ന് വിരുന്നെത്തി മലയാളത്തിന്റെ സ്വന്തമായി മാറിയ പുലാസന് കാഴ്ചയിൽ റമ്പുട്ടാനോട് ഏറെ സാമ്യമുണ്ട്. റമ്പുട്ടാന്റെ അടുത്ത ബന്ധുവാണ് സാപ്പിൻഡേസ്യേ എന്ന സോപ്പ്ബെറി കുടുംബത്തിലെ പുലാസൻ പഴങ്ങൾ. ഉഷ്ണമേഖലാ പഴമാണിത്. റമ്പുട്ടാനുമായി അടുത്ത ബന്ധമുള്ളതും ചിലപ്പോൾ ആശയക്കുഴപ്പമുണ്ടാക്കുന്നതുമാണ്. എന്നാൽ റമ്പുട്ടാൻ, ലിച്ചി എന്നിവയേക്കാൾ അതിമധുരമുള്ളവയാണ് പുലാസൻ പഴങ്ങൾ. തേനിനേക്കാൾ മധുരം ഉണ്ടെന്നതാണ് ഈ പഴത്തിന്റെ ഏറ്റവും വലിയ സവിശേഷത തന്നെ. പുലാസ് എന്ന മലായ് വാക്കിൽ നിന്നാണ് പുലാസൻ എന്ന പേര് ലഭിച്ചത്.

ഇടത്തരം ഉയരത്തിൽ ശാഖകളും ഉപശാഖകളുമായി കാണപ്പെടുന്ന ഒരു നിത്യ ഹരിത സസ്യമാണിത്. തളിരിലകൾക്ക് മഞ്ഞ മലർന്ന പച്ച നിറം. പകൽ ചൂടും രാത്രി മഞ്ഞുമുള്ള ജനുവരി, ഫെബ്രുവരി മാസങ്ങളിലാണ് ഇവയയുടെ ശാഖാഗ്രങ്ങളിൽ കുലകളായി പൂക്കൾ വിടരുന്നത്. നേരിയതും അഗ്രം പരന്നതുമായ മുള്ളുകൾ ഉള്ള കായ്കൾ തുടക്കത്തിൽ പച്ച നിറത്തിലും വിളഞ്ഞ് പാകമാകുമ്പോൾ മഞ്ഞ നിറത്തിലും പഴുക്കുമ്പോൾ ചുവപ്പു നിറത്തിലുമാകും. മാംസളമായ ഉൾഭാഗമാണ് ഭക്ഷ്യയോഗ്യമായത്. ബദാം പരിപ്പിന്റെ ആകൃതിയിലുള്ള വിത്ത് ചിലയിടങ്ങളിൽ വറുത്തും കഴിക്കാറുണ്ട്.

നല്ല വളക്കൂറും നീർവാർച്ചയുമുള്ള ഏതുതരം മണ്ണിലും പുലാസൻ നന്നായി വളരും. നടാനായി ഗുണമേന്മയുള്ള തൈകൾ തിരഞ്ഞെടുക്കാം. വളർന്നു വികസിക്കുവാൻ റമ്പൂട്ടാന് വേണ്ടിവരുന്നതിലും കുറവ് സ്ഥലം മതിയെന്നതും മേന്മയാണ്. കാഴ്ചയ്ക്ക് മനോഹരമായ പുലാസൻ അലങ്കാര വൃക്ഷമായി തൊടിയിലും വീട്ടുവളപ്പിലും വളർത്താം. റമ്പുട്ടാനേക്കാൾ ഇരട്ടിയോളം കട്ടിയുള്ളതും പുറംനാരുകളുടെ വലുപ്പം കുറവുമാണ് പുലാസൻ പഴങ്ങളുടെ തൊലിക്ക്. ഉൾകാമ്പ് അനായാസം വിത്തിൽ നിന്ന് വേർപെടുത്താം. ശരീരത്തിലെ കൊഴുപ്പ് കുറയ്ക്കുമെന്നതിനാൽ ഇത് കഴിക്കുന്നത് ആരോഗ്യത്തിന് ഏറെ നല്ലതാണ്. വിറ്റാമിൻ സിയുടെ സാന്നിധ്യമുള്ള പുലാസൻ ആന്റിഓക്സിഡന്റ് ഗുണങ്ങളാലും സമ്പന്നമാണ്. ചർമത്തെ മൃദുലമാക്കാനും മുടിയുടെ സംരക്ഷണവും പുലാസന്റെ എടുത്തു പറയേണ്ട ഗുണങ്ങളാണ്.



രണ്ടാം തട്ട് തളിർ മൂത്തതിനു ശേഷമാണ് പുലാസാനിൽ പൂങ്കുലകൾ ഉണ്ടാകുന്നത്. രണ്ടാം തട്ട് മൂപ്പെത്തി പൂക്കൾ ഉണ്ടാകുന്നതിനായി സൾഫേറ്റ് ഓഫ് പൊട്ടാഷിന്റെ സ്പ്രേ 5 ഗ്രാം ഒരു ലീറ്റർ വെള്ളത്തിൽ എന്ന ക്രമത്തിൽ നൽകാം. നവംബർ, ഡിസംബർ മാസങ്ങളിലെ തീവ്രമഴ മൂലം പല സ്ഥലങ്ങളിലും പുതിയ രണ്ടാം തട്ട് ഇലയ്ക്കുശേഷം വീണ്ടും തളിർത്തിട്ടുണ്ട്. ഇത്തരം സ്ഥലങ്ങളിൽ ടഛഹജ (സൾഫേറ്റ് ഓഫ് പൊട്ടാഷ്) സ്പ്രേ ഒരു പ്രാവശ്യം കൂടി നൽകിയാൽ മതി. നന്നായി പൂവിടുന്നതിന് ഫിഷ് അമിനോ ആസിഡ് പ്രയോഗം ഫലപ്രദമാണെന്ന് വാണിജ്യരീതിയിൽ വർഷങ്ങളായി റംബുട്ടാൻ കൃഷി ചെയ്യുന്നവർ പറയുന്നു. സൾഫേറ്റ് ഓഫ് പൊട്ടാഷിനു പിന്നാലെ ഇതും തളിക്കുന്നതു നന്ന്. രണ്ടു മരങ്ങളും ക്ലോറിനോട് സംവേദനക്ഷമത (ലിെശെശ്േലിലൈ) കാണിക്കുന്നതിനാൽ ക്ലോറിൻ അടങ്ങിയ വളങ്ങളോ വെള്ളമോ ഉപയോഗിക്കരുത്. ക്ലോറിന്റെ സാന്നിധ്യം ഇവയിൽ ഇലകരിച്ചിൽ ഉണ്ടാക്കും.

സാധാരണയായി ജനുവരി മാസത്തിൽ മഞ്ഞുപോലെ വെളുത്ത ശൽക്ക കീടങ്ങളുടെ (സ്നോ സ്കെയിൽ) ആക്രമണം കാണാറുണ്ട്. ഇവയെ ചുമന്നു കൊണ്ടുപോകുന്നത് ഉറുമ്പുകളാണ്.

ഉറുമ്പുകളെ നിയന്ത്രിച്ചാൽ ഇവയുടെ ശല്യം കുറയ്ക്കാം. വെർട്ടിസീലിയം ലായനിയിൽ പുതുതലമുറ ചേർത്ത് സ്പ്രേ ചെയ്യുന്നത് ഇവയുടെ നിയന്ത്രണത്തിനു സഹായകമാണ്. അധികമഴ കാരണം മണ്ണിൽ കോപ്പറിന്റെ ലഭ്യത കുറയാം. ഇതു പരാഗണത്തെ ബാധിക്കും.

കോപ്പർ ഓക്സി ക്ലോറൈഡ് എന്ന കുമിൾനാശിനി ഒരു ഗ്രാം ഒരു ലീറ്റർ വെള്ളത്തിൽ എന്ന ക്രമത്തിൽ ലയിപ്പിച്ച് സ്പ്രേ ചെയ്യുന്നത് ഇതു പരിഹരിക്കാൻ സഹായകമാണ്.

# വീട്ടിലേക്കുള്ള പച്ചക്കറി അടുക്കളത്തോട്ടത്തിൽ വിളയിക്കാം

അൽപം ശ്രദ്ധയും കരുതലുമുണ്ടെങ്കിൽ മഴക്കാലത്തും വീട്ടാവശ്യത്തിനുള്ള പച്ചക്കറി അടുക്കളത്തോട്ടത്തിൽ വിളയിച്ചെടുക്കാം. നീർവാർച്ച ഉറപ്പു വരുത്തുകയാണ് മഴക്കാലകൃഷിയിലെ ആദ്യഘട്ടം. മഴയത്ത് വെള്ളം കെട്ടിനിൽക്കാൻ സാധ്യത കൂടുതലാണല്ലോ. അതിനാൽ വരമ്പുകൾ എടുത്തു നടുക. 3വരമ്പുകൾക്കു ശേഷം ചാലു കീറി വെള്ളം വാർത്തു കളയാനുള്ള സൗകര്യം കൂടി ഒരുക്കണം. ചട്ടിയിലോ ഗ്രോബാഗിലോ പച്ചക്കറി നടുകയാണെങ്കിൽ ഏറ്റവും അധികജലം വാർന്നു പോകുന്നതിനു സൗകര്യം ഉറപ്പു വരുത്തണം. മഴക്കാലത്ത് ചെടികൾ സൂര്യപ്രകാശത്തിനായി വെമ്പൽ കൊള്ളുകയും കായിക വളർച്ച കൂടുകയും ചെയ്യും. അതുകൊണ്ടുതന്നെ മഴക്കാലത്ത് ചെടികൾ തമ്മിലുള്ള ഇടയകലം ഏറെ പ്രധാനം. വരികൾ തമ്മിൽ രണ്ടര മൂന്ന് അടി അകലം നൽകണം.



കടചീയൽ, ഇലപ്പുള്ളി, ബാക്ടീരിയൽ വാട്ടം ഉൾപ്പെടെ പല രോഗ, കീടബാധകൾ മഴക്കാലത്തുണ്ടാകാം. നനവു കൂടുന്നതിന് അനുസരിച്ച് മണ്ണിന്റെ പുളിരസം കൂടും. അപ്പോൾ രോഗ സാധ്യതയും കൂടും. അതുകൊണ്ട് പുളിരസം കളയുന്നതിനായി മണ്ണിൽ കുമ്മായവസ്തുക്കൾ ചേർക്കണം. ഒരു സെന്റിൽ രണ്ടര മൂന്ന് കിലോ എന്ന തോതിൽ പൊടിഞ്ഞ കുമ്മായം നനഞ്ഞ മണ്ണുമായി ഇളക്കിച്ചേർക്കുക. ഗ്രോബാഗിലാണെങ്കിൽ 100 ഗ്രാം ചേർത്താൽ മതി. കുമ്മായം ചേർത്തു രണ്ടാഴ്ചയ്ക്കുശേഷം ജൈവവളം ചേർക്കാം. ട്രൈക്കോഡെർമ സമ്പുഷ്ട ജൈവവളം അടിസ്ഥാനവളമാക്കിയാൽ മണ്ണിലൂടെയുള്ള രോഗപ്പകർച്ച ഒഴിവാക്കാം. ജൈവവളങ്ങൾ നന്നായി പൊടിഞ്ഞതായിരിക്കണം. 25 ദിവസം പ്രായമായ തൈകൾ പറിച്ചു നടുന്നതിനാൽ അടിസ്ഥാന വളം ശരിയല്ലെങ്കിൽ ചെടികൾ മഞ്ഞളിച്ചു കരിയാൻ സാധ്യതയേറും.

രോഗസാധ്യത കുറയ്ക്കാനുതകുന്ന വിത്തുപചാരം മഴക്കാല പച്ചക്കറിക്കൃഷിയിൽ ഏറെ പ്രധാനം. 75 മില്ലി വെള്ളത്തിൽ 25 ഗ്രാം സ്യൂഡോമോണാസ് കലക്കിയ ലായനിയിൽ 1012 മണിക്കൂർ വിത്ത് കുതിർത്തു വയ്ക്കണം. തൈയാണെങ്കിൽ അര മണിക്കൂർ സ്യൂഡോമോണാസ് ലായനിയിൽ മുക്കി നടുക. മഴക്കാലകൃഷിക്ക് യോജ്യമായ വിളകളും ഇനങ്ങളും തിരഞ്ഞെടുക്കുക. വഴുതന, പച്ച മുളക്, പയർ, വെണ്ട, കോവൽ, നിത്യവഴുതന, ചേന, ചേമ്പ്, കക്കിരി എന്നിവ മഴക്കാലത്തും കൂടെ കൂട്ടാം. ബാക്ടീരിയൽ വാട്ടത്തെ ചെറുക്കാൻ കഴിവുള്ള വഴുതന ഇനങ്ങളായ ശ്വേത, ഹരിത, നീലിമ, സൂര്യ തുടങ്ങിയവ മഴക്കാലത്ത് യോജ്യം.

ബാക്ടീരിയൽ വാട്ടരോഗം ബാധിച്ച ചെടികൾ പിഴുതെടുത്തു നശിപ്പിക്കുക. വഴുതനവർഗച്ചെടികൾ ഒരു സ്ഥലത്ത് അടുത്തടുത്തു നടരുത്. ഒരു സ്ഥലത്ത് വിളകൾ മാറിമാറി നടുന്നതും മഴക്കാലത്ത് വാട്ടരോഗം പടരാതിരിക്കാൻ സഹായിക്കും. 15 ദിവസം കൂടുമ്പോൾ 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലീറ്റർ വെള്ളത്തിൽ ചേർത്ത് ഇലകളിൽ തളിച്ചുകൊടുക്കുകയും ചുവട്ടിലൊഴിച്ചു കൊടുക്കുകയും ചെയ്താൽ കടചീയലും ബാക്ടീരിയൽ വാട്ടരോഗവും ചെറുക്കാം. ബാക്ടീരിയൽ വാട്ടരോഗം വന്നാൽ ബ്ലീച്ചിങ് പൗഡർ 10 ഗ്രാം ഒരു ലീറ്റർ വെള്ളത്തിൽ എന്ന തോതിലെടുത്ത് തടം നനയ്ക്കണം. ഇലചുരുട്ടിപ്പുഴുവിന്റെ ആക്രമണം ചെറുക്കാൻ മിത്രകുമിളായ ബ്യൂവേറിയ 20ഗ്രാം ഒരു ലീറ്റർ വെള്ളത്തിൽ കലർത്തി ഇലകളിൽ തളിക്കണം. ഒപ്പം മണ്ണിലെ പുഴുക്കളെയും പ്യൂപ്പയെയും നശിപ്പിക്കുന്നതിനു തടം കുതിർക്കുകയും വേണം.

# കൂടും കിടാവും പദ്ധതിക്ക് തുടക്കം

**മീനങ്ങാടി:** കാർഷിക പ്രതിസന്ധിയിൽ നട്ടംതിരിയുന്ന വയനാടിന്റെ ഗ്രാമീണ സമ്പദ് വ്യവസ്ഥയ്ക്ക് ഉണർവേകാൻ യാക്കോബായ സഭ മലബാർ ഭദ്രാസനത്തിൻറെ കൂടും കിടാവും പദ്ധതിക്ക് തുടക്കമാകുന്നു. ക്ഷീരമേഖലയിലൂടെ കർഷകർക്ക് സ്ഥിരവരുമാനം ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെയുള്ള പദ്ധതിയുടെ ഉദ്ഘാടനം 12ന് നടക്കും. രാവിലെ 11ന് മീനങ്ങാടി ബിഷപ്സ് ഹൗസിൽ നടക്കുന്ന ചടങ്ങിൽ മലബാർ ഭദ്രാസന മെത്രാപ്പോലീത്ത ഗീവർഗീസ് മോർ സ്തേഫാനോസ് ഉദ്ഘാടനം നിർവഹിക്കും. മലബാർ ഭദ്രാസനത്തിൻറെ കൂടി ചാരിറ്റിയുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. ആദ്യഘട്ടത്തിൽ ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട 50 അർഹരായ ക്ഷീരകർഷകർക്ക് അത്യുത്പാദന ശേഷിയുള്ള പശുക്കിടാങ്ങളെ സൗജന്യമായി നൽകും. തമിഴ്നാട്ടിലെ കൃഷ്ണഗിരിയിൽ നിന്നാണ് പശുക്കിടാങ്ങളെ എത്തിക്കുന്നത്.

രോഗപ്രതിരോധശേഷിയും കേരളത്തിലെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ വളർച്ചാനിരക്കുമുള്ള കിടാങ്ങളെ വിദഗ്ധ പരിശോധനകൾക്ക് ശേഷമാണ് തെരഞ്ഞെടുക്കുന്നത്. സൗജന്യമായി കിടാവിനെ നൽകുന്നതിൽ ഒതുങ്ങുന്നതല്ല പദ്ധതിയുടെ ലക്ഷ്യം. കർഷക പങ്കാളിത്തത്തോടെ ദീർഘകാലം തുടരുന്ന കൈമാറ്റ മാതൃകയാണ് വിഭാവനം ചെയ്തിരിക്കുന്നത്.

ലഭിക്കുന്ന കിടാവിനെ കർഷകൻ പരിപാലിച്ച് വളർത്തുകയും പശു പ്രസവിക്കുമ്പോൾ ലഭിക്കുന്ന ആദ്യത്തെ കിടാവിനെ പദ്ധതിയിലേക്ക് തിരികെ നൽകുകയും വേണം.

ഇങ്ങനെ ലഭിക്കുന്ന കിടാങ്ങളെ അടുത്ത ഘട്ടത്തിൽ 50 അർഹരായ കർഷകർക്ക് കൈമാറും. തുടർച്ചയായ കൈമാറ്റത്തിലൂടെ സാമ്പത്തിക ബാധ്യതയില്ലാതെ തന്നെ കൂടുതൽ കുടുംബങ്ങളിലേക്ക് പദ്ധതിയുടെ പ്രയോജനം എത്തിക്കുകയാണ് ലക്ഷ്യം. പരമ്പരാഗത കാർഷികവിളകളുടെ വിലയിടിവ് മൂലം പ്രതിസന്ധിയിലായ കർഷകർക്ക് സ്ഥിരവരുമാനം ഉറപ്പാക്കുന്നതിനൊപ്പം ജില്ലയിലെ പാലുൽപാദനം വർധിപ്പിക്കാനും ഇതിലൂടെ കഴിയുമെന്നാണ് പ്രതീക്ഷ.

ഗ്രാമീണ മേഖലയിലെ സ്ത്രീ ശക്തീകരണത്തിനും ജൈവ കൃഷി പ്രോത്സാഹനത്തിനും പദ്ധതി സഹായകമാകുമെന്നാണ് സംഘാടകരുടെ വിലയിരുത്തൽ. മലയോര മേഖലകളിൽ സമാനമായ പദ്ധതികൾക്ക് മാതൃകയാക്കാവുന്ന ഗ്രാമവികസന സംരംഭമാകുമെന്നാണ് പ്രതീക്ഷ.

## വിദ്യാഭ്യാസ മേഖലയിൽ കേരളം പുതിയ യുഗത്തിൽ: മന്ത്രി ഷംസുദ്ദീൻ

**കുമ്പള:** വിദ്യാഭ്യാസ മേഖലയിൽ കേരളം പുതിയ യുഗത്തിലാണെന്ന് വിദ്യാഭ്യാസമന്ത്രി എൻ.ഷംസുദ്ദീൻ. കുമ്പള ഗവ. സീനിയർ ബേസിക് സ്കൂളിൽ ഡിജിറ്റൽ സ്ക്വയർ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ച് പ്രസംഗിക്കുകയായിരുന്നു മന്ത്രി.

അതിവേഗം മാറ്റത്തിന് വിധേയമായി കൊണ്ടിരിക്കുന്ന ലോകമാണ് നമുക്ക് ചുറ്റുമുള്ളത്. ആ വേഗത്തിനൊപ്പം ഓടിയെത്താൻ നമ്മുടെ കുഞ്ഞുങ്ങളെയും പ്രാപ്തരാക്കേണ്ടതുണ്ട്. അതിൻറെ ഭാഗമായാണ് നൂറുദിന കർമപദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ആകെ എല്ലാ സ്കൂളുകളിലും ഡിജിറ്റൽ കോർണറുകൾ സ്ഥാപിക്കാൻ തീരുമാനിച്ചത്. കംപ്യൂട്ടർ ഇൻറർനെറ്റ് അധിഷ്ഠിതമായ പഠനമാണ് ഡിജിറ്റൽ കോർണറുകൾ വഴി സാധ്യമാവുകയെന്ന് മന്ത്രി പറഞ്ഞു. നൂറുദിന കർമ പദ്ധതികളുടെ ഭാഗമായി ആർട്ടിഫിഷ്യൽ ഇൻറലിജൻസ്, റോബോട്ടിക് സയൻസ് പരിശീലനം സാധ്യമാക്കുന്ന എറൈസ് പദ്ധതി നടപ്പിലാക്കും.

സംസ്ഥാനത്തെ ആയിരം വിദ്യാർഥികളെ നീന്തൽ പഠിപ്പിക്കുന്ന നൂറുദിന പദ്ധതിയുടെ ഭാഗമായി ആരംഭിക്കും. വിദ്യാർഥികളെ കൂടുതൽ കായിക മേഖലകളിൽ ആകൃഷ്ടരാക്കുന്നതിനായുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുമെന്നും മന്ത്രി പറഞ്ഞു. എ.കെ.എം. അഷ്റഫ് എംഎൽഎ അധ്യക്ഷത വഹിച്ചു. കല്ലട്ര മാഹിൻ എംഎൽഎ, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് സാബു ഏബ്രഹാം എന്നിവർ വിശിഷ്ടാതിഥികളായി.

പ്രൈമറി ക്ലാസുകളിലെ ഐടി പഠനം കൂടുതൽ കാര്യക്ഷമമാക്കുക, കുട്ടികൾക്കിടയിലെ ഡിജിറ്റൽ വിടവ് നികത്തുക ഡിജിറ്റൽ ഉപകരണങ്ങൾ സ്വയംപഠനത്തിനുള്ള ഉപാധിയാക്കുക, ആരോഗ്യകരമായ ഡിജിറ്റൽബ്രൗസിംഗ് സംസ്കാരം വളർത്തിയെടുക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് കൈറ്റിൻറെ നേതൃത്വത്തിൽ പ്രൈമറി വിഭാഗം വിദ്യാർത്ഥികൾക്കായി ഈ പദ്ധതി നടപ്പാക്കുന്നത്. വർണാഭമായ ചുമർചിത്രങ്ങളാൽ അലങ്കരിച്ചും ആവശ്യമായ ലാപ്ടോപ്പുകളും ഇരിപ്പിടങ്ങളും ഒരുക്കിയുമാണ് പിടിഎയും അധ്യാപകരും ഈ മാതൃകാ ഡിജിറ്റൽ സ്ക്വയർ സജ്ജമാക്കിയിരിക്കുന്നത്. കൈറ്റ് വികസിപ്പിച്ച സ്വതന്ത്ര സോഫ്റ്റ്വെയർ അധിഷ്ഠിത പ്ലാറ്റ്ഫോം വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

കളികളിലൂടെയുള്ള പഠനം, സർഗാത്മകത, സ്വയംപഠനം, ഡിജിറ്റൽ സാക്ഷരത എന്നിവ വളർത്തുന്നതിനൊപ്പം കളിപ്പെട്ടി, ഇ@വിദ്യ എന്നീ ഐസിടി പാഠപുസ്തകങ്ങൾ മറ്റു വിഷയങ്ങളുടെ പഠനത്തിനായി ഫലപ്രദമായി പ്രയോജനപ്പെടുത്താനും ഈ പദ്ധതി സഹായിക്കും.



# നാളികേര പുനരുദ്ധാരണ പദ്ധതി ഉടൻ ആരംഭിക്കും: മന്ത്രി ടി. സിദ്ദിഖ്

**കോഴിക്കോട്:** കേരളത്തിൽ നാളികേര ഉത്പാദനം വർധിപ്പിക്കുന്നതിനുള്ള നാളികേര പുനരുദ്ധാരണ പദ്ധതി ഉടൻ ആരംഭിക്കുമെന്ന് മന്ത്രി ടി.സിദ്ദിഖ്. വേങ്ങേരി തടമ്പാട്ടുതാഴത്തെ കാർഷിക വിപണന കേന്ദ്രം സന്ദർശിച്ച ശേഷം സംസാരിക്കുകയായിരുന്നു മന്ത്രി.

ഇന്ത്യയിൽ ഏറ്റവും കൂടുതൽ വിസ്തൃതിയിൽ നാളികേരം കൃഷി ചെയ്യുന്ന സംസ്ഥാനമായിട്ടും ഏറ്റവും കുറവ് ഉൽപാദനം ഇവിടെയാണ്. ഇത് പരിഹരിക്കാൻ മികച്ച ഉൽപാദനക്ഷമതയുള്ള തെങ്ങിൻതൈകൾ കൈമാറും. നാളികേര പുനരുദ്ധാരണ പദ്ധതിയുമായി ബന്ധപ്പെട്ട് കർഷക ദിനത്തിൽ പ്രാഥമിക ചർച്ചകൾ നടക്കുമെന്നും മന്ത്രി പറഞ്ഞു.

ഓണവുമായി ബന്ധപ്പെട്ട് കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ കേരളത്തിൽ 2000 പച്ചക്കറി ചന്തകൾ ആരംഭിക്കാൻ നടപടിയെടുത്തിട്ടുണ്ട്. ഓണക്കാലത്ത് വിലവർധന തടയുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോകുകയാണെന്നും മന്ത്രി പറഞ്ഞു.

വേങ്ങേരി മാർക്കറ്റിൽ സ്ഥിരം ജൈവ പച്ചക്കറി ചന്ത ആരംഭിക്കും. നാളികേരത്തിന്റെ പ്രധാന ഇടമാക്കി ഇതിനെ മാറ്റും. മാർക്കറ്റിലെ മാലിന്യ നിർമാർജന സംവിധാനം വിപുലമാക്കും. കൃഷിസംബന്ധമായ കാര്യങ്ങൾക്കല്ലാതെ മാർക്കറ്റ് ഉപയോഗിക്കുന്നത് അനുവദിക്കില്ല.

ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി കൃഷി ഉപയുക്തമാക്കും. വേങ്ങേരി മാർക്കറ്റുമായി ബന്ധപ്പെട്ട് ആവശ്യപ്പെട്ടിട്ടുള്ള റിപ്പോർട്ടുകൾ ലഭിച്ചുകഴിഞ്ഞാൽ ഉടൻ തിരുവനന്തപുരത്ത് ഉന്നതതല യോഗം ചേരുമെന്നും മന്ത്രി കൂട്ടിച്ചേർത്തു. അഡ്വ. കെ ജയന്ത് എംഎൽഎ ഉൾപ്പെടെയുള്ളവർ മന്ത്രിയെ അനുഗമിച്ചു.



# ബീംസ് ഡേ പൂർവവിദ്യാർഥി സംഗമം

**കോട്ടയം:** ബിസിഎം കോളജ് ഓട്ടോണമസിന്റെ പൂർവവിദ്യാർഥി സംഘടനയായ ബീംസിന്റെ ആഭിമുഖ്യത്തിൽ ബീംസ് ഡേ പൂർവവിദ്യാർഥി സംഗമം സംഘടിപ്പിച്ചു. പൂർവവിദ്യാർഥിയും ഗായികയുമായ ഡോ. ബിനീത രഞ്ജിത്തായിരുന്നു മുഖ്യാതിഥി. കോളജിൽ സേവനമനുഷ്ഠിച്ചവരിൽ കഴിഞ്ഞ ഒരു വർഷകാലത്തിനിടയിൽ മരണമടഞ്ഞവരെ അനുസ്മരിച്ചു. ബിസിഎം പഠനത്തിന്റെ ഗോൾഡൻ, സിൽവർ ജൂബിലികൾ ആഘോഷിക്കുന്ന 1976ലെയും 2001ലെയും ബാച്ചുകളിലെ പൂർവവിദ്യാർഥികളെ യോഗത്തിൽ ആദരിച്ചു.

കലാപരിപാടികളും അനുഭവം പങ്കിടലും വിദ്യാർഥിഅധ്യാപക സംഗമവും നടത്തി. മാനേജർ ഫാ. ഏബ്രഹാം പറമ്പേട്ട്, ബിസിഎം ബീംസ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ ജിഷ ഷാജി, അനുത ഭാസ്കർ, റോസമ്മ ഫിലിപ്പ്, പ്രിൻസിപ്പൽ പ്രഫ. ഡോ. കെ.വി. തോമസ്, ബർസാർ ഫാ. ഫിൽമോൻ കളത്ര, വൈസ് പ്രിൻസിപ്പൽ ഡോ. അന്നു തോമസ് എന്നിവർ പ്രസംഗിച്ചു.




# വന്ദേ ഭാരതം പദ്ധതിയുടെ ആദ്യ സംഘത്തെ പ്രഖ്യാപിച്ചു

**കൊച്ചി:** അദാനി ഗ്രൂപ്പ് ചെയർമാൻ ഗൗതം അദാനി ആരംഭിച്ച സംരംഭകത്വനൂതനാശയ പദ്ധതിയായ വന്ദേ ഭാരത'ത്തിന്റെ ആദ്യ സംഘത്തെ പ്രഖ്യാപിച്ചു. രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നുമായി ലഭിച്ച 26,000ത്തിലധികം അപേക്ഷകളിൽ നിന്നാണ് ഇതിലേക്കുള്ള മികച്ച പ്രതിഭകളെ തിരഞ്ഞെടുത്തത്.

മൊബിലിറ്റി, സുസ്ഥിരത, സാങ്കേതികവിദ്യ, കൃഷി, പ്രതിരോധം, ആരോഗ്യം, നിർമ്മാണം, വിദ്യാഭ്യാസം തുടങ്ങിയ വിവിധ മേഖലകളിൽ നിന്നുള്ള നൂതന ആശയങ്ങളാണ് അപേക്ഷകളിൽ ഉണ്ടായിരുന്നത്. രാജ്യത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും, രാഷ്ട്രനിർമ്മാണത്തിൽ പങ്കുചേരുന്ന മികച്ച സംരംഭങ്ങൾ കെട്ടിപ്പടുക്കാനും ലക്ഷ്യമിടുന്ന വ്യത്യസ്ത പശ്ചാത്തലങ്ങളിൽ നിന്നുള്ളവരാണ് തിരഞ്ഞെടുക്കപ്പെട്ട ഈ പ്രതിഭകൾ. മികച്ച ആശയങ്ങളെ വൻകിട സംരംഭങ്ങളാക്കി മാറ്റുന്നതിനായി ഉന്നത മെൻറർമാരുടെയും വ്യവസായ പ്രമുഖരുടെയും പിന്തുണയും മികച്ച അവസരങ്ങളും വന്ദേ ഭാരതം പദ്ധതി ഇവർക്ക് ഉറപ്പാക്കും.

കഴിവുള്ളവർ എല്ലായിടത്തുമുണ്ടെങ്കിലും അവർക്ക് അവസരങ്ങൾ കുറവാണ് എന്ന തിരിച്ചറിവിൽ നിന്നാണ് ഈ പദ്ധതി രൂപീകരിച്ചതെന്ന് ഗൗതം അദാനി പറഞ്ഞു. ഈ പ്രതിഭകളിൽ നാളെത്തെ ഭാരതത്തിന്റെ വലിയ സാധ്യതകളാണ് ഞാൻ കാണുന്നത്. കഴിവിനോ അവസരങ്ങൾക്കോ നഗര അതിരുകൾ ഉണ്ടാകരുത്. ഭാവിയിൽ രാജ്യത്തെ മാറ്റിമറിക്കുന്ന വലിയ സംരംഭങ്ങൾ കെട്ടിപ്പടുക്കുന്നവരെ ഈ ആദ്യ സംഘത്തിൽ കാണാനാകുമെന്നും, ഇത് അവരുടെയും വന്ദേ ഭാരതത്തിൻറെയും ആദ്യ അധ്യായമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഒന്നിലധികം ഘട്ടങ്ങളായുള്ള മൂല്യനിർണ്ണയ പ്രക്രിയയിലൂടെയാണ് ഈ സംരംഭകരെ തിരഞ്ഞെടുത്തത്. ഇനി ഇവർ 'വന്ദേ ഭാരതം ഇമ്മേഴ്സീവ് വീക്കിൽ' പങ്കെടുക്കും. മെൻറർഷിപ്പ് സെഷനുകൾ, വ്യവസായ പ്രമുഖരുമായുള്ള ആശയവിനിമയം, തുടർ മൂല്യനിർണ്ണയങ്ങൾ എന്നിവ ഇതിൻറെ ഭാഗമായി നടക്കും.

ഓഗസ്റ്റ് 14ന് നടക്കുന്ന വന്ദേ ഭാരതം ഗ്രാൻഡ് ഫിനാലെയോടെയാണ് പരിപാടികൾ സമാപിക്കുന്നത്. ഫിനാലെയിൽ മികച്ച സംരംഭകരെ ആദരിക്കുകയും അവർക്ക് വന്ദേ ഭാരതം ട്രോഫി സമ്മാനിക്കുകയും ചെയ്യും.

വെറുമൊരു മത്സരം എന്നതിലുപരി രാജ്യത്തെ പരമ്പരാഗത ബിസിനസ്സ് കേന്ദ്രങ്ങൾക്ക് പുറത്തുള്ളവർക്കും തങ്ങളുടെ ആശയങ്ങൾ വളർത്തിയെടുക്കാനും ബന്ധങ്ങൾ സ്ഥാപിക്കാനുമുള്ള അവസരവും പിന്തുണയും ഉറപ്പാക്കുന്ന ഒരു ദേശീയ പ്ലാറ്റ്ഫോം കെട്ടിപ്പടുക്കുക എന്നതാണ് വന്ദേ ഭാരതത്തിന്റെ ദീർഘകാല ലക്ഷ്യം.



# പ്രളയബാധിതർക്ക് താങ്ങായി മുത്തൂറ്റ് ഫിനാൻസ്; 25 ലക്ഷം രൂപയുടെ അടിയന്തര ദുരിതാശ്വാസ സഹായം

**കൊച്ചി:** കനത്ത മഴയിലും വെള്ളപ്പൊക്കത്തിലും ദുരിതത്തിലായ കുടുംബങ്ങൾക്ക് താങ്ങായി മുത്തൂറ്റ് ഫിനാൻസ്. പത്തനംതിട്ട, കോട്ടയം ജില്ലകളിലെ അയ്യായിരത്തോളം കുടുംബങ്ങൾക്ക് സിഎസ്ആർ പദ്ധതിയുടെ ഭാഗമായി 25 ലക്ഷം രൂപയുടെ അടിയന്തര ദുരിതാശ്വാസ സഹായം പ്രഖ്യാപിച്ചു.

വെള്ളപ്പൊക്കം രൂക്ഷമായി ബാധിച്ച കോട്ടയം ജില്ലയിലെ കുമരകം, ഇല്ലിക്കൽ, ചെങ്ങളം, പുതുപ്പള്ളി, ചങ്ങനാശ്ശേരി എന്നിവിടങ്ങളിൽ ആദ്യഘട്ടത്തിൽ 500 കിറ്റുകൾ വിതരണം ചെയ്തു. പത്തനംതിട്ട ജില്ലയിലെ ആറന്മുള, കോഴഞ്ചേരി, തിരുവല്ല, റാന്നി, കോന്നി തുടങ്ങിയ മേഖലകളിലായി 4,500 കിറ്റുകളും വിതരണം ചെയ്യും.

വീടുകളിൽ വെള്ളം കയറി ക്യാമ്പുകളിലും താൽക്കാലിക കേന്ദ്രങ്ങളിലും കഴിയുന്നവർക്കും ക്യാമ്പുകളിൽ നിന്ന് തിരികെ വീടുകളിലേക്ക് മാറുന്നവർക്കുമാവശ്യമായ ശുചിത്വ സാമഗ്രികളും അടിയന്തര പലചരക്ക് സാധനങ്ങളും അടങ്ങിയ പ്രത്യേക കിറ്റുകളാണ് വിതരണം ചെയ്യുന്നത്. ജില്ലാ ഭരണകൂടവുമായും തദ്ദേശ സ്ഥാപനങ്ങളുമായും സഹകരിച്ച് നേരിട്ടാണ് കിറ്റുകൾ എത്തിച്ചുനൽകുന്നത്. ചങ്ങനാശ്ശേരി എംഎൽഎ വിനു ജോബ്, മുത്തൂറ്റ് ഗ്രൂപ്പ് കോട്ടയം ജെഎംഡി ഓഫീസ് മാനേജർ രാജ് ഫിലിപ്പ്, വിജിലൻസ് ഓഫീസർ ഉണ്ണികൃഷ്ണൻ നായർ, മാർക്കറ്റിങ് മാനേജർ ബിജു ചന്ദ്രൻ, റീജിയൻ ക്രെഡിറ്റ് മാനേജർ സുമേഷ് കെ.സ്, ജെഎംഡി ഓഫീസ് ജീവനക്കാരായ ശ്യാംകുമാർ, കെനസ് മാത്യൂ, ചങ്ങനാശ്ശേരി ബ്രാഞ്ച് മാനേജർ ജോബി അലക്സ്, ജില്ലാ പഞ്ചായത്ത് മെമ്പർ പി.കെ. വൈശാഖ്, തിരുവാർപ്പ് വാർഡ് മെമ്പർ അനൂപ് അറക്കൽ എന്നിവർ കോട്ടയം ജില്ലയിലെ കിറ്റ് വിതരണത്തിന് നേതൃത്വം നൽകി.




# ലുലുമാൾ ചുറ്റിക്കാണാൻ ഇനി ലണ്ടൻ ബസും; കുരുന്നുകൾക്ക് വേറിട്ട യാത്രാനുഭവം ഒരുക്കി ഫൺടൂറ

**കൊച്ചി:** ഷോപ്പിങ്ങിനൊപ്പം വിനോദങ്ങളും ആഘോഷിക്കാനായി ലുലുമാളിലേക്ക് എത്തുന്ന കുരുന്നുകൾക്കായി മാൾ മുഴുവൻ ചുറ്റിക്കാണാൻ 'ലണ്ടൻ ബസ്' എത്തി. ലുലു ഫൺടൂറയുടെ നേതൃത്വത്തിൽ മാളിന്റെ ഗ്രൗണ്ട് ഫ്ലോറിലാണ് കുട്ടികൾക്കായി ഈ പ്രത്യേക ബസ് സർവീസ് ഒരുക്കിയിരിക്കുന്നത്. മാൾ അനുഭവം കൂടുതൽ ആകർഷകവും സന്തോഷകരവുമാക്കാൻ ഈ യാത്ര സഹായിക്കും. മാളിലെത്തുന്ന കുട്ടികൾക്ക് ഗ്രൗണ്ട് ഫ്ലോറിനൊപ്പം മാളിന്റെ കാഴ്ചകൾ മുഴുവൻ ഒരു വൺ റൗണ്ട് ട്രിപ്പായി ആസ്വദിക്കാനുള്ള അവസരമാണ് ഈ പുതിയ സംരംഭത്തിലൂടെ ലുലു ഫൺടൂറ നൽകുന്നത്.

ഡബിൾ ഡക്കർ മോഡലിൽ കുട്ടികളെ ആകർഷിക്കുന്ന രീതിയിൽ രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ ലണ്ടൻ ബസിന്റെ മാതൃകയിലുള്ള കുട്ടി ബസിൽ ഒരേസമയം 15 പേർക്ക് യാത്ര ചെയ്യാം. പ്രശസ്ത ചലച്ചിത്ര നടി വിൻസി അലോഷ്യസ് കുട്ടി ബസിന്റെ ഫ്ലാഗ് ഓഫ് നിർവ്വഹിച്ചു. തുടർന്ന് കുരുന്നുകളുമായി ബസ് മാളിലൂടെ കന്നിയാത്ര നടത്തി. ലുലു ഫൺടൂറ ജനറൽ മാനേജർ അംബികാപതി, ലുലു മീഡിയ ഹെഡ് എൻ.ബി സ്വരാജ്, ലുലുമാൾ ജനറൽ മാനേജർ വിഷ്ണു ആർ നാഥ്, ഹൈപ്പർമാർക്കറ്റ് ജനറൽ മാനേജർ ജോ പൈനേടത്ത്, ഫൺടൂറ മാനേജർ സിയാദ്, ഓപ്പറേഷൻസ് മാനേജർ ഒ. സുകുമാരൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.




# ഗ്രാമീണ കാലാവസ്ഥാ പ്രതിരോധത്തിന് ക്ലൈമറ്റ് സ്റ്റാക്ക് പദ്ധതി

**മുംബൈ:** ഗ്രാമീണ ഇന്ത്യയിലെ കാലാവസ്ഥാ അപകടസാധ്യതകൾ മുൻകൂട്ടി തിരിച്ചറിഞ്ഞ് പരിഹാരങ്ങൾ വികസിപ്പിക്കുന്നതിനായി നബാർഡ് സംഘടിപ്പിച്ച നാഷണൽ ക്ലൈമറ്റ് സ്റ്റാക്ക് ഇന്നൊവേഷൻ ചലഞ്ചിന്റെ വിജയികളെ പ്രഖ്യാപിച്ചു. സാറ്റ്ഷുവർ അനലിറ്റിക്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് ഒന്നാം സ്ഥാനവും എക്സ്പെരിക്സ് പ്രൈവറ്റ് ലിമിറ്റഡ് രണ്ടാം സ്ഥാനവും വരസപ്രദായ പ്രൈവറ്റ് ലിമിറ്റഡ് മൂന്നാം സ്ഥാനവും നേടി.

150ലേറെ അപേക്ഷകളിൽ നിന്നാണ് വിജയികളെ തെരഞ്ഞെടുത്തത്. കൃഷി, ഗ്രാമീണ ധനകാര്യം, ഇൻഷുറൻസ്, പൊതുനയ ആസൂത്രണം തുടങ്ങിയ മേഖലകളിൽ കാലാവസ്ഥാ അപകടസാധ്യതാ വിവരങ്ങൾ പ്രയോജനപ്പെടുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. നബാർഡിന്റെ ഡിഐഎസിആർഎ പ്ലാറ്റ്ഫോമിനെ കാലാവസ്ഥാ പ്രതിരോധത്തിനുള്ള ഡിജിറ്റൽ പബ്ലിക് ഇൻഫ്രാസ്ട്രക്ച്ചറായി വികസിപ്പിക്കുന്നതും പദ്ധതിയുടെ ഭാഗമാണ്.